GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 - 2318186, 2317314

Editor Farm News – Dr. Amritha V.S

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 02/10/2026

1. സർക്കാരിന്റെ 100 ദിന പരിപാടിയുടെ ഭാഗമായി '**അഗ്രിടെക്നോളജി മീറ്റ് 2026**' നാളെ ഒക്ടോബർ 3 ന് പാലക്കാട് ജില്ലയിൽ വെച്ച് സംഘടിപ്പിക്കുന്നു. മലമ്പുഴ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ ഓഫീസ് അംഗണത്തിൽ വെച്ച് പട്ടികജാതി-പട്ടികവർഗ്ഗ വികസന, പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി ശ്രീമതി. കെ. എ തുളസി ജില്ലാതല ഉദ്ഘാടനം നിർവ്വഹിക്കും. പരിപാടിയുടെ ഭാഗമായി DGCA അംഗീകരിച്ച കാർഷിക ഡ്രോൺ റിമോട്ട് സർട്ടിഫിക്കറ്റ് പരിശീലന പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം, SMAM ഗ്രൂപ്പുകൾക്കുള്ള കാർഷിക യന്ത്രങ്ങളുടെ ജില്ലാതല വിതരണ ഉദ്ഘാടനം, ഡ്രോൺ

പ്രവർത്തനവും SMAM (സ്മാം) പദ്ധതിയെ സംബന്ധിച്ച ഏകദിന ശിൽപശാലയും, കാർഷിക യന്ത്രങ്ങളുടെ നറുക്കെടുപ്പും സമ്മാന വിതരണവും നടത്തപ്പെടുന്നു.

2. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന സരോജിനി ദാമോദരൻ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2009 മുതൽ നൽകിവരുന്ന 18–ാമത് അക്ഷയശ്രീ അവാർഡിനുള്ള അപേക്ഷ ക്ഷണിക്കുന്നു. സംസ്ഥാനതലത്തിൽ രണ്ടു ലക്ഷം (2,00,000) രൂപയും ജില്ലാതലത്തിൽ 50,000/– രൂപ വീതമുള്ള 14 അവാർഡുകളും മട്ടുപ്പാവ്, സ്കൂൾ, കോളേജ്, വെറ്ററൻ എന്നീ വിഭാഗങ്ങളിൽ 10,000/– രൂപ വീതമുള്ള 33 അവാർഡുകളും ഉണ്ടായിരിക്കും. അപേക്ഷക സ്വീകരിക്കുന്നതിനുള്ള അവസാന തീയതി **നവംബർ 30.** മൂന്നു വർഷത്തിനുമേൽ പൂർണമായും ജൈവഭക്ഷണകൃഷി ചെയ്യുന്നവരെയാണ് അവാർഡിന് പരിഗണിക്കുന്നത്. വെള്ള കടലാസിൽ കൃഷിയുടെ ലഘുവിവരണവും പൂർണ്ണ മേൽവിലാസവും, വീട്ടിൽ എത്തിച്ചേരാനുള്ള വഴിയും, ഫോൺ നമ്പരും, ജില്ലയും അപേക്ഷയിൽ എഴുതിയിരിക്കണം. ഫോട്ടോകളോ, മറ്റു സർട്ടിഫിക്കറ്റുകളോ അപേക്ഷയോടൊപ്പം അയക്കേണ്ടതില്ല. അപേക്ഷ അയക്കേണ്ട വിലാസം കെ. വി. ദയാൽ, അവാർഡ് കമ്മറ്റി കൺവീനർ, ശ്രീകോവിൽ മുഹമ്മ പി.ഒ. ആലപ്പുഴ –688525 . കൂടുതൽ

വിവരങ്ങൾക്ക് 9447114526, 9446424617 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഒക്ടോബർ 14 മുതൽ 16 വരെ **'സൂക്ഷ്മ ജലസേചനവും ലാൻഡ് സ്കേപ്പിങ്ങും'** എന്ന വിഷയത്തിൽ ത്രിദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 1500/- രൂപ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ ഒക്ടോബർ 12 ന് മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 9400483754 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയത്ത് ബന്ധപ്പെടാവുന്നതാണ്.

4. 2026 -ൽ റബർത്തോട്ടങ്ങളിൽ റെയിൻഗാർഡിങ്ങും സ്പ്രേയിങ്ങും നടത്തിയതിനുള്ള ധനസഹായത്തിന് റബ്ബറുത്പാദക സംഘങ്ങൾക്ക് അപേക്ഷിക്കാം. റബ്ബർബോർഡ് വെബ് സൈറ്റിലുള്ള 'സർവ്വീസ്പ്ലസ്' പോർട്ടൽ വഴി ഒക്ടോബർ 15 വരെ സംഘങ്ങൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളും അപ് ലോർഡ് ചെയ്യേണ്ടതാണ്. ഹെക്ടർ ന് പരാമാവധി 4000 രൂപാ വീതമാണ് ധനസഹായം. വിശദവിവരങ്ങൾക്ക് റബ്ബർബോർഡിന്റെ വെബ് സൈറ്റായ www.rubberboard.gov.in സന്ദർശിക്കുകയോ, റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ,

ഫീൽഡ് സ്റ്റേഷനുകൾ വഴിയോ കേന്ദ്ര ഓഫീസിൽ പ്രവർത്തിക്കുന്ന 0481-2576622 എന്ന കോൾസെന്റർ നമ്പറിൽ ബന്ധപ്പെട്ടുകയോ ചെയ്യാവുന്നതാണ്.

5. <u>സസ്യ കീട-രോഗ നിയന്ത്രണ നിർദ്ദേശങ്ങൾ</u>

<u>നെല്ലിലെ ഇലപ്പേൻ</u>

ഞാറ്റടിയിലുള്ള നെൽചെടികൾക്ക് ഇലപ്പേനിന്റെ ആക്രമണം രൂക്ഷമാകാൻ സാദ്ധ്യതയുണ്ട്. ഇവ നീരൂറ്റിക്കുടിക്കുന്നത് മൂലം ഇലയുടെ അഗ്രഭാഗം ചുരുണ്ട് സൂചി പോലെ ആകുന്നു. ഒരു നുരിയിൽ താഴെയുള്ള ഇലകൾ മഞ്ഞളിച്ചും മൂന്നിൽ കൂടുതൽ ഇലകൾ ചുരുണ്ട് സൂചിപോലെയായിരിക്കുന്നതും കണ്ടാൽ നീയന്ത്രണ നടപടികൾ കൈക്കൊള്ളേണ്ടതാണ്. നിയന്ത്രോണോപാധികൾ സംബന്ധിച്ച വിശദമായ കുറിപ്പ് കൃഷി ഓഫീസർമാർ നൽകുന്നതായിരിക്കും. ആ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.